ബി417535/91

തിരുവനന്തപുരം
തീയതി 26.10.96.

**കേരള വനം വകുപ്പ്**

**സർക്കുലർ നമ്പർ 11/96**

വിഷയം: വന്യജീവി സംരക്ഷണഭേദഗതി നിയമം കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി കൊണ്ടുള്ള ഉത്തരവ്.

പീച്ചി റെയിഞ്ചിൽ രണ്ടു കാട്ടു പന്നികളെ വെടി വച്ച് കൊന്നതു സംബന്ധിച്ച് ഒരാൾ 29/91 നംപർ ആയി ചാർജ്ജ് ചെയ്തിരുന്ന കേസ്സിൽ. കുറ്റകൃത്യത്തിന് ഉപയോഗിച്ച കെ. എൽ എൽ. 2163 ജീപ്പ് കസ്റ്റഡിയിൽ എടുത്തതായി മഹസ്സറിൽ കാണിച്ചിരുന്നെങ്കിലും അയത് ഫോറം 1 -ൽ ചേർത്തില്ല. തൻ നിമിത്തം കോടതി ഇടപെട്ട് ജീപ്പ് കണ്ടു കെട്ടാനും മറ്റു നടപടിയെടുക്കാനും സാധിക്കാതെ വന്നു, 1991 ലെ വൈൽഡ് ലൈഫ് പ്രിസർവേഷൻ ആക്ട് (മെസറുമെന്റു) പ്രകാരം, കുറ്റ കൃത്യത്തിന് ഉപയോഗിച്ച വാഹനങ്ങൾ ആയുധങ്ങൾ മറ്റു സാധനങ്ങൾ എല്ലാം തന്നെ സർക്കാർ മുതലാകും എന്നാണു വ്യവസ്ഥ. ഈ കേസ്സിൽ കേസ് രജിസ്റ്റർ ചെയ്ത് ഫ്ളൈയിംഗ്സ്ക്വാഡ് റെയിഞ്ചാഫീസറോ, കേസ് റെയിഞ്ചിലേയ്ക്ക് കൈമാറ്റം ചെയ്തതിനു ശേഷം പീച്ചി റെയിഞ്ചാഫീസറോ ഈ വിഷയത്തിൽ ഫലപ്രദമായ അന്വേഷണം നടത്തിയതായി കാണുന്നില്ല . കുറ്റകൃത്യത്തിന് ഉപയോഗിച്ച ലൈസൻസ് ഇല്ലാത്ത തോക്ക് കണ്ടെടുക്കുന്ന കാര്യത്തിൽ അർമ്സ് ഫാക്റ്റ് പ്രകാരം നടപടി എടുക്കാൻ പോലീസിൽ പരാതി കൊടുത്തില്ല.

കാട്ടിറച്ചി കൊണ്ടു പോയ വാഹനം കണ്ടുകെട്ടാനുള്ള അധികാരം കേസ്സ് കൈകാര്യം ചെയ്യുന്ന കോടതിയിൽ നിക്ഷിപ്തമാണ്. കേരളാ ഫോറസ്റ്റ് ആക്ട് ചട്ടം 61 എ അനുസരിച്ചുള്ള നടപടി ക്രമമല്ല ഇത്തരം കേസ്സിൽ പിൻ തുടരേണ്ടത്. വന്യ ജീവി സംരക്ഷണ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നത് 2.10.91 – ൽ ആണ്. ആയതിനാൽ അതിന് മുമ്പ് കണ്ടെത്തിയ കുറ്റകൃത്യത്തിനും രജിസ്റ്റർ ചെയത കേസ്സിനും വന്യ ജീവി സംരക്ഷണ ഭേദഗതി നിയമം പ്രാബല്യത്തിൽ വന്നത് 2.10 91 -ൽ ആണ്. ആയതിനാൽ അതിനു മുമ്പ് കണ്ടെത്തിയ - കുററകൃത്യത്തിനും രജിസ്റ്റർ ചെയ്ത കേസ്സിനും വന്യ ജീവി സംരക്ഷണ (ഭേദഗതി) നിയമം ബാധകമാവില്ല കേസ് കോമ്പൗണ്ട് ചെയ്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തീർപ്പെടുത്തിയതിനു മുമ്പ് തന്റെ അധികാര പരിധിയിൽ വരുന്ന വിഷയമാണോ ഇതെന്ന് പരിശോധിച്ചതുമില്ല. ചീഫ് വൈൽഡ് ലൈഫ് വാർഡനു മാത്രമേ ഈ അധികാരം നൽകാനേ വന്യജീവി സംരക്ഷണ നിയമത്തിൽ വ്യവസ്ഥയുള്ളൂ. കേസു കോമ്പൗണ്ടു ചെയ്ത് തീർപ്പാക്കിയതിനാൽ ജീപ്പ് പിടിച്ചെടുക്കാൻ നടപടി ഉണ്ടായില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ മേലിൽ ഉണ്ടാവാതിരിക്കാൻ വന്യജീവി സംരക്ഷണ നിയമത്തിന്റെ ലംഘനങ്ങൾ ഉൾപ്പെട്ട കുറ്റ കൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വകുപ്പുദ്യോഗസ്ഥൻമാർ (റെയിഞ്ചാഫീസർ മുതൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വരെ) കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടതാണ്.

പ്രിൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജി)

എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും .

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് /അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് /
പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ) എന്നിവരുടെ പി എ മാർക്ക് ഓഫീസർമാർക്ക് /
സെക്ഷൻ തലവൻമാർക്ക്

എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെയും സി. എ. മാർക്ക്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എ യ്ക്ക്

സർക്കുലർ ഫയൽ / റിമാർക്ക് സെക്ഷൻ / സ്റ്റോക്ക് ഫയൽ